നം. NEP-3/..66500/2011

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : ..22..12.2011

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഹാർഡ് വെയർ പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു**

പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂൾ വിദ്യാർഥികൾക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ പരിശീലനം നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഇതിന്റെ ആദ്യപടിയായി തെരഞ്ഞെടുത്ത ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഹാർഡ് വെയർ പരിശീലനം നൽകുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. വിദ്യാഭ്യാസ ഉപജില്ലാ തലത്തിൽ പരമാവധി വിദ്യാർഥികളെ പങ്കെടുപ്പിച്ചുകൊണ്ട് 2011 ഡിസംബർ അവസാന ആഴ്ചയിലെ രണ്ട് ദിവസം ഐടി@സ്കൂൾ പ്രോജക്ട് പരിശീലനം ക്രമീകരിക്കേണ്ടതാണ്. സ്കൂൾ ഐ.ടി ക്ലബ് അംഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.
2. ഒരു മാസ്റ്റർട്രെയിനറും ഒരു സ്കൂൾ ഐ.ടി കോർഡിനേറ്ററും ചേർന്നാണ് പരിശീലനം നൽകേണ്ടത്. പരിശീലകർക്ക് പ്രതിദിനം ₹250/- ഓണറേറിയം ഐടി@സ്കൂൾ പ്രോജക്ടിന്റെ ഡി.ആർ.സി അക്കൗണ്ടിൽ നിന്ന് നൽകേണ്ടതാണ്.
3. പരിശീലകർക്കുള്ള ട്രെയിനിംഗ് ജില്ലകളിൽ ക്രമീകരിക്കേണ്ടതും പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്ന സ്കൂൾ ഐടി കോർഡിനേറ്റർ/അധ്യാപകർക്ക് ₹150/- ഓണറേറിയമായി ഐടി@സ്കൂൾ പ്രോജക്ടിന്റെ ഡി.ആർ.സി അക്കൗണ്ടിൽ നിന്ന് നൽകേണ്ടതുമാണ്.
4. പരിശീലകർക്ക് ട്രെയിനിംഗ് നൽകുന്നതിന് ജില്ലാതലത്തിൽ ശില്പശാല ആവശ്യമെങ്കിൽ ക്രമീകരിക്കേണ്ടതാണ്.
5. പരിശീലനകേന്ദ്രങ്ങളിലെ ഉപയോഗയോഗ്യമല്ലാത്ത കമ്പ്യൂട്ടറുകൾ മാസ്റ്റർ ട്രെയിനറുടെ നേതൃത്വത്തിൽ പ്രഥമാധ്യാപകരും സ്കൂൾ ഐടികോർഡിനേറ്ററും പരിശോധിച്ച് കമ്പ്യൂട്ടറുകൾ ഉപയോഗയോഗ്യമല്ലെന്ന് ഉറപ്പുവരുത്തി സ്റ്റോക്ക് രജിസ്റ്ററിൽ കുറവുചെയ്തായിരിക്കണം പരിശീലനത്തിന് ഉപയോഗിക്കേണ്ടത്.'
6. പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പ്രതിദിനം ₹200/ വൈദ്യുതിചാർജായി ഐ.ടി അഡ്വൈസറി അക്കൗണ്ടിലേക്ക് ഡി.ആർ.സി അക്കൗണ്ടിൽ നിന്ന് അനുവദിക്കേണ്ടതാണ്.
7. പരിശീലനത്തിൽ പങ്കെടുക്കുന്ന ഓരോ സ്കൂളിൽ നിന്നും ഒരു ലാപ് ടോപ്പ് കമ്പ്യൂട്ടർ (നിലവിലുള്ള ഫയലുകൾ ബാക്കപ്പ് ചെയ്തശേഷം), പെൻഡ്രൈവ് എന്നിവ കൊണ്ടുവരേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾപ്രോജക്ട്
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ